പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1323

13.12.2012ൽ
മറുപടിയ്ക്ക്

## സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. തിലോത്തമൻ ; | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) വിലക്കയറ്റം നിയന്ത്രിക്കുവാൻ സംസ്ഥാനത്ത് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇത് ഒരു മണ്ഡലത്തിൽ എത്രയെണ്ണം വീതം ഉണ്ടാകുമെന്ന് പറയാമോ ; | എ) | ഉണ്ട്. മലയോര, തീരദേശ/ ആദിവാസി മേഖലകളിലെ നിവാസികൾക്ക് മറ്റു ചെലവുകളില്ലാതെ മിതമായ വിലയ്ക്ക് അവരുടെ വീട്ടുപടിക്കൽ അവശ്യ സാധനങ്ങൾ എത്തിക്കുകയെന്നതാണ് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിലൂടെ ലക്ഷ്യമിടുന്നത്. നിലവിൽ മൊബൈൽ മാവേലികളുടെ പ്രയോജനം ലഭ്യമല്ലാത്ത ജില്ലകൾക്ക് മുൻഗണന നൽകി ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് മൊബൈൽ മാവേലികൾ തുടങ്ങുന്നതിനുള്ള നടപടിയെടുക്കുന്നതാണ്. |
| ബി) നിലവിലുള്ള സഞ്ചരിക്കുന്നമാവേലി സ്റ്റോറുകൾ എല്ലാ മേഖലയിലും എത്താത്തതിനാൽ ജനങ്ങൾക്ക് പ്രയോജനം കിട്ടുന്നില്ല എന്നും സബ്സിഡി സാധനങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല എന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | ബി) | ഇല്ല. |
| സി) സർക്കാർ ആരംഭിക്കാനുദ്ദേശിക്കുന്ന സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളിലൂടെ ജനങ്ങൾക്ക് സബ്സിഡി നിരക്കിൽ എന്തെല്ലാം സാധനങ്ങൾ ഏതെല്ലാം അളവിൽ ലഭിക്കുമെന്ന് വ്യക്തമാക്കാമോ ; ഈ മാവേലി സ്റ്റോറുകളുടെ പ്രവർത്തനം എല്ലാ താലൂക്കുകളിലും മണ്ഡലങ്ങളിലും എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ? | സി) | സപ്ലൈകോ സബ്സിഡിയോടെ നൽകുന്ന 13 ഇനം അവശ്യസാധനങ്ങളും സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളിലൂടെ ലഭ്യമാക്കുന്നതാണ്. |

Beena

സെക്ഷൻ ഓഫീസർ